# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്–671310, 0467 226 0632, rarspil@kau.in


ബി3–1504/2020 തീയതി: 20.07.2024

## ദർഘാസ്/ലേല പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉപയോഗ ശൂന്യമായതും കാലപ്പഴക്കം ചെന്നതുമായ പാഴ്‌വസ്തുക്കൾ ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി ഈ കേന്ദ്രത്തിൽ വെച്ച് ദർഘാസ്/ലേലം ചെയ്ത് വിൽക്കുന്നു. താല്പര്യമുള്ളവരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | B3-1504/2020 |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | 31.07.2024, 3.00 മണി |
| ദർഘാസ് തുറക്കുന്ന തീയതി | 31.07.2024, 3.30 മണി |
| കാലാവധി | 3 മാസം |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"പാഴ്‌വസ്തുക്കളുടെ ലേലം"** |
| നിരത ദ്രവ്യം | 1500/- രൂപ |

1. മുദ്രവെച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി **31.07.2023 ഉച്ചയ്ക്ക് 3 മണിവരെ** ആയിരിക്കും. ദർഘാസ് സ്വീകരിക്കുന്ന നിശ്ചിത സമയം കഴിഞ്ഞാൽ പരസ്യ ലേലം നടത്തുന്നതായിരിക്കും. ലേല ശേഷം ദർഘാസുകൾ തുറക്കുന്നതാണ്.
2. **ലേലത്തിനു വെച്ച വസ്തുക്കൾ പിലിക്കോട് കേന്ദ്രത്തിൽ വന്ന് പ്രവൃത്തി ദിവസങ്ങളിൽ പരിശോധിക്കാവുന്നതാണ്. ലേലം കൊണ്ട ശേഷം ലേല വസ്തുവിന്മേൽ ഉന്നയിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.**
3. ഏറ്റവും കൂടിയ തുക വിളിക്കുന്നയാളിന്റെ പേരിൽ വില തൃപ്തികരമെന്ന് കണ്ടാൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേല തുകയുടെ മൂന്നിലൊരുഭാഗം ലേലംകൊണ്ട വ്യക്തി അന്നുതന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനുള്ളിൽ അടച്ചു തീർക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അടച്ച തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും, വില്പനയ്ക്കായി പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലം നടത്തുന്നത് മൂലം സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്താൻ ലേലക്കാരൻ ബാധ്യസ്ഥനാകുന്നതാണ്.
4. മൊത്തം തുക അടച്ചു തീർത്ത തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ ലേലം വിളിച്ച വസ്തുക്കൾ ലേലക്കാരന്റെ ചെലവിൽ എടുത്ത് മാറ്റേണ്ടതാണ്.
5. ദർഘാസ് നീട്ടിവെക്കാനോ, റദ്ദ് ചെയ്യാനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
6. പാഴ്‌വസ്തുക്കൾക്ക് നിയമപ്രകാരമുള്ള GST ഉണ്ടായിരിക്കുന്നതാണ്.
7. ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും ലേലക്കാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ലേലക്കാരൻ മാത്രമായിരിക്കും ഉത്തരവാദി.

8. ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിനിടെ കേന്ദ്രത്തിലെ വസ്തുവകകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ പ്രസ്തുത നഷ്ടം നികത്താൻ ലേലക്കാരൻ ബാധ്യസ്ഥനായിരിക്കും.
9. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:
1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/ നീലേശ്വരം മുനിസിപ്പാലിറ്റി
2. ശ്രീ രതീഷ് പി കെ, അസോസിയേറ്റ് പ്രൊഫസർ
3. ഫാം സൂപ്രണ്ട്
4. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
5. ഒഫീഷ്യൽ വാട്ട്സപ്പ് ഗ്രൂപ്പ്, വെബ്സൈറ്റ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ